**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 329** **15-07-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ലോക്കപ്പ് മർദ്ദനം ഉൾപ്പെടെയുള്ള മനുഷ്യാവകാശങ്ങൾ ലംഘിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 02.03.2021-ലെ SLP (Crl) No.3543/2020 പ്രകാരം ബഹു. സുപ്രീം കോടതി ഉത്തരവനുസരിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും CCTV ക്യാമറ സ്ഥാപിക്കുവാൻ 25.09.2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.2630/2021/ ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | 2021-22സാമ്പത്തിക വർഷം 11.894 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 480 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും എന്നത്തേക്ക് സി.സി. ടി. വി. ക്യാമറകൾ സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സിസിടിവി ക്യാമറ മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനായി M/s Tele-communication Consultants India Ltd. (A Govt. of India Enterprise), New Delhi എന്ന സ്ഥാപനത്തിന് 24.02.2022 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 23.02.2023-ന് മുമ്പായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ